കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ പാലക്കാട് ജില്ല

പ്രവചന കാലയളവ് 27.09.2025 മുതൽ 01.10.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും

ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 39/2025 (77) വെള്ളിയാഴ്ച | തീയ്യതി 26/09/2025 |
|---|---|

| 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം : | | | | | |
|---|---|---|---|---|---|
| കാലാവസ്ഥാ ഘടകങ്ങൾ | 27.09.2025 | 28.09.2025 | 29.09.2025 | 30.09.2025 | 01.10.2025 |
| മഴ (മില്ലി മീറ്റർ) | 3 | 2 | 1 | 2 | 1 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 4 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 200 | 230 | 230 | 200 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത. ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത.

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:-. സ്പ്രേയിങ്ങും വളപ്രയോഗവും കഴിവതും തെളിഞ്ഞ കാലാവസ്ഥയിൽ മാത്രം ചെയ്യുക. കീട രോഗ സാധ്യത കൂടിയ സാഹചര്യമായതിനാൽ കൃത്യമായി വിളകൾ നിരീക്ഷിക്കുകയും തുടക്കത്തിൽ തന്നെ അവയെ നിയന്ത്രിക്കാൻ ശ്രമിക്കുകയും ചെയ്യുക. കീടരോഗ നിയന്ത്രണം സമീപത്തുള്ള കർഷകർ കൂട്ടായ പ്രവർത്തനത്തിലൂടെ ചെയ്യുന്നത് വീണ്ടും രോഗം ബാധിക്കുന്നതു ഇല്ലാതാക്കാൻ കഴിയും.

| വിളകൾ | രോഗകീടങ്ങൾ, വിളപരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (വിരിപ്പ്) പാലുറച്ച പരുവം | ബ്ലാസ്റ്റ് രോഗം | ഇടവിട്ടുള്ള മഴ നെല്ലിലെ ബ്ലാസ്റ്റ് രോഗം അധികരിക്കുന്നതിനു കാരണമാകുന്നു. കണ്ണിൻറെ ആകൃതിയിലുള്ള പുള്ളിക്കുത്തുകൾ വരുകയും അവ കൂടിച്ചേർന്ന് ഇലകൾ കരിഞ്ഞു പോകുന്നതുമാണ് ലക്ഷണം. ഇതിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമൊണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗബാധ ഉണ്ടെങ്കിൽ ഐസോപ്രൊതയോലേൻ 40 ഇ.സി. (Isoprothiolane 40 EC) ഒരു ലിറ്ററിന് 1.5 ml എന്ന തോതിൽ തളിച്ച് കൊടുക്കുക. |
| നിലക്കടല | പരിചരണം | സെപ്തംബർ-ഒക്ടോബർ മാസങ്ങൾ നിലക്കടല നടുന്നതിനു അനുയോജ്യമായ സമയമാണ്. ഒരു ഏക്കറിന് 40 കിലോ എന്ന തോതിൽ വിതയ്ക്കു ഒരാഴ്ച മുന്നേ നിലക്കടലയുടെ തോട് വിത്തിനു ക്ഷതമേൽക്കാതെ കൈകൊണ്ട് പൊട്ടിച്ചെടുക്കണം. അധികം ആഴത്തിൽ പോകാതെ കൃഷിയിടം നല്ലതുപോലെ ഉഴുതുമറിക്കണം. കുമ്മായം അല്ലെങ്കിൽ ഡോളോമൈറ്റ് 1 മുതൽ 3 കിലോ ഒരു സെന്റിന് എന്നതോതിൽ മണ്ണിൻറെ അമ്ളാംശം അനുസരിച്ചു ഇട്ടുകൊടുക്കുക. ശേഷം സെന്റ് ഒന്നിന് 80 കിലോ എന്ന കണക്കിൽ ജൈവവളം ചേർക്കുക. 10 ദിവസത്തിന് ശേഷം നിലം ഒരുക്കി സെന്റ് ഒന്നിന് 87 ഗ്രാം യൂറിയ, 1665 ഗ്രാം റോക്ക് ഫോസ്ഫേറ്റ്, 50 ഗ്രാം പൊട്ടാഷ് എന്നിവ ചേർത്ത് ഒരടി ഉയരത്തിൽ തടം കോരിയെടുക്കുക. തടങ്ങൾ തമ്മിൽ കാൽ മീറ്റർ അകലം നൽകി നീളത്തിലോ കുറുകയോ ചാലെടുക്കുക. ശേഷം ആരോഗ്യമുള്ള വിത്തുകൾ റൈസോബിയം ചേർത്ത് (ഒരു ഏക്കറിന് 200 ഗ്രാം റൈസോബിയം) വിത്തുപരിചരണം നടത്തി കുറഞ്ഞത് 15 സെന്റിമീറ്റർ അകലത്തിൽ തടത്തിൽ പാകുക. |
| ക്യാബേജ്, കോളിഫ്ലവർ | പരിചരണം | ക്യാബേജ്, കോളിഫ്ലവർ എന്നിവയുടെ, സമതലങ്ങളിൽ നടുന്നതിനു അനുയോജ്യമായ നാംദാരി വിത്തിനങ്ങൾ പ്രോട്രേകളിൽ പാകി മുളപ്പിക്കുന്നതിനു യോജിച്ച സമയമാണ്. പ്രോട്രേകളിൽ ചകിരിച്ചോറ്, പെർലൈറ്റ്, വെർമികുലൈറ്റ്, ട്രൈക്കോഡെർമ സമ്പുഷ്ട ജൈവവളം എന്നിവ 1:1:1:3 എന്ന അനുപാതത്തിൽ നിറച്ചു വിത്തുകൾ പാകുന്നത് ആരോഗ്യമുള്ള വേരുകൾ ഉണ്ടാകുന്നതിനും തൈചീയൽ രോഗത്തെ പ്രതിരോധിക്കുന്നതിനും വിളകളെ സഹായിക്കുന്നു. |

മൃഗസംരക്ഷണം-: കാലിത്തൊഴുത്തിൽ അഴുക്കുവെള്ളം കെട്ടികിടക്കുന്നത് അകിട്ടുവീക്കം ഉണ്ടാകാൻ കരണമാകുന്നതിനാൽ തൊഴുത്തിൽ വെള്ളം കെട്ടി നിൽക്കാതിരിക്കാൻ ശ്രദ്ധിക്കുക.